**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2049** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഉത്സവത്തിനിടെ ആനകൾ ഇടഞ്ഞുണ്ടായ അപകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കൊയിലാണ്ടി കുറുവങ്ങാട് മണക്കുളങ്ങര ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തിനിടെ ആനകൾ ഇടഞ്ഞുണ്ടായ അപകടത്തിൽ മൂന്ന് പേർ മരിക്കാനിടയായ സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ഇത് സംബന്ധിച്ച് കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 249/25 പ്രകാരം 13.02.2025 ൽ കേസ് രജിസ്റ്റർ ചെയ്ത് Explosive Substance Act, Kerala Captive Elephant Management and Maintenance Rule 2012, Wild Life Protection Act 1972 (Amendment 2022) എന്നീ നിയമങ്ങൾ പ്രകാരം കേസ് അന്വേഷണം നടത്തി വരുന്നു. |
| (ബി) | ക്ഷേത്ര ഉത്സവത്തോടനുബന്ധിച്ച് പടക്കം പൊട്ടിച്ചതാണോ ആന ഇടയാനുണ്ടായ കാരണമെന്ന് വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | ഉത്സവങ്ങളിൽ പങ്കെടുക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉത്സവങ്ങളിൽ പങ്കെടുക്കുന്നവർക്ക് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഉത്സവാഘോഷ കമ്മിറ്റി ഭാരവാഹികളെ നേരിൽ കണ്ട് പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും കരിമരുന്ന് പ്രയോഗം, ആനകളുടെ ഉപയോഗം എന്നിവയെക്കുറിച്ചും സ്വീകരിക്കേണ്ട നിർബന്ധിത സുരക്ഷ മുൻകരുതലുകളെ കുറിച്ചും, നിയമ ലംഘനം ഉണ്ടായാൽ നേരിടേണ്ടി വരുന്ന നിയമ നടപടികളെക്കുറിച്ചും പോലീസ് വകുപ്പ് തലത്തിൽ ബോധ വൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ഉത്സവപരിപാടികളുടെ സ്വഭാവം അനുസരിച്ച് വിശദമായ ബന്തവസ്സ് സ്കീം തയ്യാറാക്കി പോലീസ് വിന്യാസം നടത്താറുണ്ട്.<br><br>ക്ഷേത്രങ്ങളിലെ ആചാര അനുഷ്ഠാനത്തിന്റെയും ഉത്സവാഘോഷങ്ങളുടെയും ഭാഗമായുള്ള ആനയെഴുന്നെള്ളിപ്പ്, ബഹു. സുപ്രീം കോടതിയും, ബഹു. ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നാട്ടാന പരിപാലന ചട്ടവും നിലവിലെ |

| | | | |
|---|---|---|---|
| | | | മറ്റ് മാർഗ നിർദ്ദേശങ്ങളും കർശനമായി പാലിച്ചു കൊണ്ടു മാത്രമേ നടത്താവൂ എന്ന് ദേവസ്വം ബോർഡ് കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ക്ഷേത്രാചാര സംബന്ധമായ ആവശ്യങ്ങൾക്ക് ആനകളെ ഉപയോഗിക്കുന്നത് സംബന്ധിച്ച് സർക്കുലർ നിർദ്ദേശവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ